LIBRARY ARCHIVES Kerala Legislative Assembly.

(6) കോഴിക്കോട്-മലപ്പുറം ജില്ലകളിലെ കാരായ്മ കുടിയാന്മാർ നേരിടുന്ന പ്രയാസങ്ങൾ

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കോഴിക്കോട്-മലപ്പുറം ജില്ലകളിലും പൊന്നാനിയിലും കാരായ്മ കുടിയാന്മാർ വളരെ പ്രയാസത്തിലും ദുഃഖത്തിലുമാണ്. വർഷങ്ങളായി ഇവർ അനുഭവിച്ചുകൊണ്ടിരുന്ന വീടും സൗകര്യാവകാശങ്ങളും നിയമവിധേയമാക്കാനുള്ള ഒരു നിയമഭേദഗതി 1999-ൽ ഏകകണ്ഠമായി കേരള നിയമസഭ പാസ്സാക്കി. അതിന്റെ ഫലമായി കാരായ്മകുടിയാന്മാരായ കുറേപ്പേർക്ക് പട്ടയം ലഭിക്കുകയുണ്ടായി. പ്രസ്തുത നിയമം 2003-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയതിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തു. പ്രസ്തുത പെറ്റീഷൻ 28-2-2005-ന് സുപ്രീംകോടതി തള്ളി. ഇതേത്തുടർന്ന് കാരായ്മ കുടിയാന്മാർക്ക് ലഭിച്ച പട്ടയം തിരിച്ചുനൽകാൻ ലാന്റ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് തൽക്കാലം സ്റ്റേ നൽകിയിരിക്കുകയാണ്. ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം ഉണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. 6-7-2004-ന് എന്റെ ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുതന്നതാണ്. ഈ പ്രശ്നം പരിഹരിക്കാൻ വേണ്ട നിയമഭേദഗതിക്ക് അടിയന്തിരമായി ഒരു ഓർഡിനൻസ് കൊണ്ടുവന്ന് കാരായ്മ കുടിയാന്മാരുടെ കൈവശാവകാശം സംരക്ഷിക്കണമെന്നും ഇത് നിയമമാകുന്ന മുറയ്ക്ക് ഭരണഘടനയുടെ 9-ാം പട്ടികയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* സർ, കോർപ്പറേഷനിൽ 3 സെന്റ്, മുനിസിപ്പാലിറ്റിയിൽ 5 സെന്റ്, ഗ്രാമപ്രദേശങ്ങളിൽ 10 സെന്റ് എന്നിങ്ങനെവച്ച് കാരായ്മ കുടിയാന്മാർക്ക് കൈവശമുള്ള ഭൂമി പതിച്ചുകൊടുക്കുന്നതിന് 1989-ൽ ഒരു ഭേദഗതി നിയമം നിയമസഭ പാസ്സാക്കി. അത് പ്രോസ്പെക്ടീവായിട്ടാണ് പാസ്സാക്കിയത്. അത് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ചെയ്തു. പക്ഷേ, പിന്നീട് ഒരു അബദ്ധം വന്നത് പത്ത് വർഷം കഴിഞ്ഞ് 1999-ൽ അന്നത്തെ സർക്കാർ ഒരു ഭേദഗതി നിയമം കൊണ്ടുവന്നതാണ്. സദുദ്ദേശത്തോടുകൂടിയാണ് അത് കൊണ്ടുവന്നത്. 1989-ലെ നിയമം റദ്ദുചെയ്തുകൊണ്ട് 1999-ൽ ഗവൺമെന്റ് ഒരു പുതിയ നിയമം റിട്രോസ്പെക്ടീവായി കൊണ്ടുവന്നു. 1964-നുശേഷം ആർക്കെങ്കിലും ഇങ്ങനെ കൈവശമുള്ള ഭൂമി ഉണ്ടെങ്കിൽ അവർക്കെല്ലാം കാരായ്മാവകാശം കൊടുത്തുകൊണ്ട് റിട്രോസ്പെക്ടീവായ നിയമം കൊണ്ടുവന്നു. Prospective ആയി കൊണ്ടുവന്ന നിയമം 9-ാം ഷെഡ്യൂളിൽപ്പെടുത്തിയത് റദ്ദുചെയ്യുകയും ചെയ്തു. എന്നാൽ രണ്ടാമത്തെ നിയമം 9-ാം പട്ടികയിൽപ്പെടുത്തിയിട്ടുമില്ല. മുൻകാലപ്രാബല്യത്തോടെ കൊണ്ടുവന്ന 1999-ലെ നിയമം 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല. 9-ാം ഷെഡ്യൂളിൽപ്പെടുത്തിയ ആദ്യത്തെ നിയമം റദ്ദ് ചെയ്യുകയും ചെയ്തു. കടിച്ചതുമില്ല, പിടിച്ചതുമില്ല എന്ന നിലയ്ക്ക് 1989-ലെ

നിയമം പോയി. 1999-ലെ നിയമം പോദ്യം ചെയ്തു. 9-ാം ഷെഡ്യൂളിൽപ്പെടുത്താതെ അതിന് കോൺസ്റ്റിറ്റ്യൂഷണൽ പ്രൊട്ടക്ഷൻ ഇല്ലെന്നു പറഞ്ഞ് struck down ചെയ്തു. ഇങ്ങനെയിരിക്കുമ്പോഴാണ് ട്രൈബ്യൂണലുകൾ പട്ടയം തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചത്. ഏതായാലും ഗവൺമെന്റ് ഒരു കാര്യം ചെയ്തിട്ടുണ്ട്. ഒരു സ്റ്റേ കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഭൂമി കൈവശമുള്ളവരുടെ കയ്യിൽനിന്നും, പട്ടയം കൊടുത്ത കേസുകളെ സംബന്ധിച്ചിടത്തോളം, അത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് സ്റ്റേ കൊടുത്തിട്ടുണ്ട്. പട്ടയം കിട്ടിയിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിന് ആവശ്യമായ നിയമഭേദഗതികൾ ഏത് നിലയിൽ കൊണ്ടുവരണമെന്നുള്ളതിനെപ്പറ്റി ഗവൺമെന്റ് വളരെ ആത്മാർത്ഥമായി പരിശോധിച്ച് വളരെ യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(7) തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം

ശ്രീ. കെ. വി. രാജേന്ദ്രൻ: സർ, സമ്പൂർണ്ണ സാക്ഷരത നേടിയ നമ്മുടെ സംസ്ഥാനത്ത് തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നാലായിരത്തോളം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ എണ്ണായിരത്തോളം പ്രേരക്മാരും അസിസ്റ്റന്റ് പ്രേരക്മാരും ജോലി ചെയ്തുവരികയാണ്. എട്ട് മാസം മുതൽ 20 മാസം വരെയായി അവർക്ക് കൊടുത്തുകൊണ്ടിരുന്ന ചെറിയ തോതിലുള്ള ഓണറേറിയം നൽകുന്നില്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റോടുകൂടി നടത്തുന്നതാണ്. ദേശീയ സാക്ഷരതാ മിഷനിൽ നിന്ന് നമുക്കിതുവരെ 32,33,58,755 രൂപ ലഭിച്ചിട്ടുണ്ട്. ആ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ സമ്പൂർണ്ണമായി കേന്ദ്ര ഗവൺമെന്റ് ഗ്രാന്റും പിന്നീട് അൻപത് ശതമാനം സ്റ്റേറ്റ് ഗവൺമെന്റും അൻപതുശതമാനം കേന്ദ്ര ഗവൺമെന്റും എന്ന നിലയിലാണ് ഫണ്ട് ലഭിച്ചിരുന്നത്. അതനുസരിച്ച് 40 കോടി രൂപ വരും. അങ്ങനെയാണെങ്കിൽ ഈ പദ്ധതിക്കുവേണ്ടി ഇരുപത് കോടി രൂപ സംസ്ഥാന ഗവൺമെന്റ് നീക്കിവയ്ക്കണം. നമ്മുടെ ബഡ്ജറ്റിൽ വെറും ആറ് ലക്ഷം രൂപ മാത്രമാണ് നീക്കിവച്ചിരിക്കുന്നത്. അതിന്റെ ഫലമായി കേരളത്തിൽ ഏറ്റവും നന്നായി നടന്നുവന്നിരുന്ന 4,7,10 എന്നീ ക്ലാസ്സുകൾക്ക് തുല്യമായ വിദ്യാഭ്യാസം അനൗപചാരിക സംവിധാനത്തിൽ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നൽകിവന്നിരുന്നത് മുടങ്ങി. കൂടാതെ, സാക്ഷരതാ ക്ലാസ്സുകളിൽ നടന്നുവന്നിരുന്ന തൊഴിൽ പരിശീലന പരിപാടികൾ, വിവിധ ബോധവൽക്കരണ പരിപാടികൾ, കലാ-സാംസ്കാരികപ്രവർത്തനങ്ങൾ ഇവയൊക്കെയും തുടർകേന്ദ്രങ്ങളിൽ നല്ല നിലയിലാണ് നടത്തിയിരുന്നത്. ഓണറേറിയം കിട്ടിയില്ലെങ്കിലും ഈ കുട്ടികൾ നല്ല നിലയിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ മൂന്നിലൊന്നും സ്ത്രീകളാണ്. സജീവമായി പ്രവർത്തിക്കുന്നവരിൽ ഏകദേശം 1500 ഓളം പേർ നിയമസഭാ

LIBRARY ARCHIVES Kerala Legislative Assembly